**STATE CONTROL ROOM**
**DIRECTORATE OF HEALTH SERVICES**

**Landline:** 0471-2302160 **Mobile:** 9072315151
**Website:** www.dhs.kerala.gov.in **Email:** *controlroomdhskerala@gmail.com*


# ബുള്ളറ്റിൻ

തീയതി: 02/02/2020

ലോക രാജ്യങ്ങളിൽ നോവൽ കൊറോണ വൈറസ് രോഗം പടർന്നു പിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. രോഗബാധിത പ്രദേശങ്ങളിൽ നിന്നും സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1999 പേർ എത്തിച്ചേർന്നിട്ടുണ്ട്. ഇവരിൽ 1924 പേർ വീടുകളിലും, 75 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 104 സാമ്പിളുകളും 2 പുനപരിശോധനാ സാമ്പിളുകളും എൻ. ഐ. വി യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 36 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്. ആലപ്പുഴ ജില്ലയിൽ വുഹാനിൽ നിന്നും വന്ന ഒരു വിദ്യാർഥിയ്ക്ക് കൂടി കൊറോണാ വൈറസ് ബാധയുള്ളതായി അറിയിപ്പ് കിട്ടിയിട്ടുണ്ട്. രോഗം സ്ഥിരീകരിച്ച രണ്ട് വിദ്യാർത്ഥികളുടേയും ആരോഗ്യനില തൃപ്തികരമായി തുടരുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്ക് വകയില്ല. സംസ്ഥാന ആരോഗ്യവകുപ്പ് ആസ്ഥാനത്തിലും, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൊറോണ കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും കൊറോണ വൈറസ് രോഗബാധ സംശയിക്കുന്നവരുടെ തുടർചികിൽസയ്ക്കായി സജ്ജമാക്കിയിട്ടുള്ള ആശുപത്രികളുടെ വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആലപ്പുഴ എൻ. ഐ. വി യൂണിറ്റിൽ സാമ്പിളുകൾ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൊറോണ വൈറസ് രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തൂവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ രോഗലക്ഷണങ്ങൾ പ്രകടമല്ലെങ്കിലും

ഇന്ത്യയിലെത്തി 28 ദിവസങ്ങൾ കഴിയുന്നതുവരെ വീട്ടുകളിൽത്തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

പൊതു ജനങ്ങൾക്ക് സംശയ നിവാരണത്തിനായി സംസ്ഥാന തലത്തിലും ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ സജ്ജമാണ്.

| ജില്ല | രോഗബാധിത പ്രദേശങ്ങളിൽ നിന്നും കേരളത്തിൽ എത്തിയവരുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് ആശുപത്രികളിൽ അഡ്മിറ്റ് ആയവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 153 | 147 | 6 | 1 |
| കൊല്ലം | 166 | 160 | 6 | 0 |
| പത്തനംതിട്ട | 66 | 64 | 2 | 1 |
| ഇടുക്കി | 25 | 25 | 0 | 0 |
| കോട്ടയം | 66 | 66 | 0 | 0 |
| ആലപ്പുഴ | 125 | 116 | 9 | 1 |
| എറണാകുളം | 260 | 251 | 9 | 1 |
| തൃശ്ശൂർ | 174 | 152 | 22 | 2 |
| പാലക്കാട് | 113 | 109 | 4 | 1 |
| മലപ്പുറം | 315 | 307 | 8 | 3 |
| കോഴിക്കോട് | 291 | 284 | 7 | 1 |
| വയനാട് | 38 | 38 | 0 | 0 |
| കണ്ണൂർ | 127 | 126 | 1 | 0 |
| കാസർഗോഡ് | 80 | 79 | 1 | 1 |
| ആകെ | 1999 | 1924 | 75 | 12 |

**സ്റ്റേറ്റ് നോഡൽ ഓഫീസർ**